# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –1094 29.09.2011 ൽ മറുപടിക്ക്**

**'വൺ ടൈം അപ്ഗ്രഡേഷൻ ' പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. സി.കെ. നാണു.<br>ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) ' വൺ ടൈം അപ്ഗ്രഡേഷൻ' പദ്ധതിയിൽ എത്ര കിലോമീറ്റർ റോഡ് പുനരുദ്ധാരണം പൂർത്തിയാക്കി യിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | 'വൺ ടൈം അപ്ഗ്രഡേഷൻ' പദ്ധതിയിൽപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് അനുമതി നൽകിയിരുന്നുവെങ്കിലും ഇലക്ഷൻ കമ്മിഷന്റെ നിർദ്ദേശം അനുസരിച്ചും മോശമായ കാലാവസ്ഥ കാരണവും പ്രവൃത്തികൾ ആരംഭിക്കുന്നതിന് കഴിഞ്ഞിരുന്നില്ല. ആയതിനാൽ പ്രവൃത്തികൾ ഇപ്പോൾ നടന്നു വരുന്നതേയുള്ളൂ. ആകെ 438.384 കി.മീറ്റർ പ്രവൃത്തി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി)ഇവയ്ക്ക് ചെലവായ തുക എത്രയെന്ന് വിശദമാക്കാമോ ; | (ബി) | ഇതുവരെ 38,03,97,862/- രൂപ |
| (സി) ഈ പദ്ധതിപ്രകാരം ആരംഭിച്ച പ്രവൃത്തികൾ നിർത്തിവയ്ക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ? | (സി) | പദ്ധതി നിർത്തിവെയ്ക്കുന്നതിനുള്ള നിർദ്ദേശമൊന്നും കൊടുത്തിട്ടില്ല. |

Ahamsh

സെക്ഷൻ ഓഫീസർ